35 (1767) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം

ശ്രീ.എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കഴിഞ്ഞ വർഷത്തെ ബിസിനസ് എന്ത് തുകയുടേതായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ വ്യാവസായികാടിസ്ഥാനത്തിൽ പ്രൊഫഷണൽ കോംപീറ്റൻസിയോടെ മാറ്റിയെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) പുത്തൻ സാമ്പത്തിക നയങ്ങളുടെ ഭാഗമായുള്ള പുതിയ സാഹചര്യത്തിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഒരു ബദൽ സംവിധാനമായി വളർത്തിയെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 26.41 കോടി രൂപ ആയിരുന്നു ഈ വകുപ്പിന്റെ കഴിഞ്ഞ വർഷത്തെ പ്രീമിയത്തിലുള്ള വരുമാനം.

(ബി) ഇൻഷ്വറൻസ് വകുപ്പിന്റെ വ്യാവസായികാടിസ്ഥാനത്തിലുള്ള വികസനം ലക്ഷ്യമാക്കി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും നിലവിലുള്ള ബിസിനസ് സാദ്ധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുവാനുള്ള നടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. അധികാരവികേന്ദ്രീകരണത്തിലൂടെ ജില്ലാ ഓഫീസുകൾക്ക് സാമ്പത്തികവും ഭരണപരവുമായ വർദ്ധിച്ച അധികാരങ്ങൾ നൽകുകയും വകുപ്പ് കൈകാര്യം ചെയ്യുന്ന പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണത്തിനും ബിസിനസിനും വേണ്ടി ഓരോ ജില്ലയിലും ഡവലപ്പ്മെന്റ് ഓഫീസറന്മാരെ നിയമിക്കുകയും ചെയ്തു. വകുപ്പിലെ ജീവനക്കാർക്ക് ഐ.എം.ജി.യിൽ പ്രത്യേക പരിശീലന പരിപാടി നടപ്പിലാക്കുകയും സീനിയർ ഓഫീസർമാർക്ക് മുംബെയിലെ കോളേജ് ഓഫ് ഇൻഷ്വറൻസിൽ പരിശീലനം ലഭ്യമാക്കുകയും ചെയ്തു. ഇൻഫർമേഷൻ ടെക്നോളജിയുടെ സാദ്ധ്യതകൾ പൂർണ്ണമായും പ്രയോഗപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) ഇപ്പോൾ തന്നെ ഫലപ്രദമായ സംവിധാനം നിലവിലുണ്ട്. അതുകൊണ്ട് ബദൽ സംവിധാനത്തിന്റെ ആവശ്യമില്ല.

36 (1768) സ്റ്റാമ്പുഡ്യൂട്ടിയിൽ ഇളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാമ്പുഡ്യൂട്ടിയിൽ ഇളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്റ്റാമ്പുഡ്യൂട്ടിയിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ മൊത്തം എന്തു തുകയുടെ സ്റ്റാമ്പുഡ്യൂട്ടി ഇളവ് അനുവദിച്ചിട്ടുണ്ടെന്നും ആർക്കൊക്കെ എത്ര രൂപയുടെ ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധമായി ആരുടെയെങ്കിലും അപേക്ഷകൾ നിരാകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ആരുടെ ഒക്കെ അപേക്ഷകളാണ് നിരാകരിച്ചിട്ടുള്ളതെന്നും അതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാരിന് പൊതുതാൽപ്പര്യം പരിഗണിച്ച് ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽപ്പെടുന്ന കാരണങ്ങളെയും ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽപ്പെട്ട ആളുകൾ എഴുതിക്കൊടുക്കുന്നതോ എഴുതി വാങ്ങുന്നതോ ആയ കാരണങ്ങളെയും കേരള മുദ്രപ്പത്രനിയമം 9(1)(എ) വകുപ്പനുസരിച്ച് മുദ്രസലയിൽനിന്നും പൂർണ്ണമായോ മുൻകാല പ്രാബല്യം നൽകിയോ ഒഴിവാക്കാവുന്നതാണ്.

(ബി) ഉണ്ട്.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

37 (1769) അഞ്ചരക്കണ്ടി സബ് രജിസ്ട്രാർ ഓഫീസിൽ സ്റ്റാമ്പ് വെണ്ടർ തസ്തിക

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി സബ് രജിസ്ട്രാർ ഓഫീസിനോടനുബന്ധിച്ച് ഒരു സ്റ്റാമ്പ് വെണ്ടർ തസ്തിക കൂടി അനുവദിക്കണമെന്ന് സർക്കാരിന് നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തതമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അംഗീകൃത മാനദണ്ഡം അനുസരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കണ്ണൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

38 (1770) ദേശീയ സമ്പാദ്യ പദ്ധതി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം.മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണകുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly